## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന നടപടി

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *159 7/03/2018-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ. കെ.ബി.ഗണേഷ് കുമാർ

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ. സി.കെ.നാണു

ശ്രീ. കോവൂർ കുഞ്ഞുമോൻ

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സമ്പ്രദായം കേരളത്തിന് പുറത്ത് ഇന്ത്യയിൽ മറ്റ് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ ഇന്ത്യയിൽ തമിഴ് നാട്, കർണ്ണാടക, ഡൽഹി, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ സമ്പ്രദായം നിലവിലുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം നടപ്പിലാക്കിയ ഇടങ്ങളിൽ ഇത് വിജയകരവും പ്രയോജനകരവുമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഇത്തരത്തിൽ ഒരു വിലയിരുത്തൽ ഇതുവരെ നടത്തിയിട്ടില്ല. എന്നാൽ കേരളത്തിൽ ഈ സംവിധാനം നടപ്പിലാക്കിയ ഇടങ്ങളിൽ ഇത് വിജയകരവും പ്രയോജനകരവുമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതു മൂലം ക്രമസമാധാനപാലനവും കുറ്റാന്വേഷണവും രണ്ട് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ കീഴിൽ വിഭജിച്ച് നൽകുന്നതിനും ഇതുവഴി കാര്യക്ഷമമായ പോലീസ് സംവിധാനം ഉറപ്പാക്കാനും ജനങ്ങൾക്ക് പോലീസിൽ നിന്നും മികച്ച സേവനം ഉറപ്പുവരുത്തുവാനും സാധിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്നതോടെ ക്രമസമാധാനപാലന രംഗത്തും സ്റ്റേഷൻ ഭരണ കാര്യങ്ങളിലും ഉണ്ടാകുന്ന ഗുണപരമായ മാറ്റങ്ങൾ | (സി) | സംസ്ഥാനത്ത് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചതിനുശേഷം പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യുന്ന വളരെ പ്രാധാന്യം അർഹിക്കുന്ന കേസ്സുകളിൽ ഇൻസ്പെക്ടർമാരുടെ സാന്നിദ്ധ്യം ഉണ്ടാകുകയും കേസ്സുകളുടെ |

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്നും ഇതിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന കൂടുതൽ മെച്ചപ്പെട്ട നേട്ടങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | | അന്വേഷണ പുരോഗതി കൂടുതൽ കാര്യക്ഷമതയോടെ നടത്തുവാനും കഴിയുന്നുണ്ട്. കേസന്വേഷണവും ക്രമസമാധാനപാലനവും വേർ തിരിച്ച് രണ്ട് സബ്ബ് ഇൻസ്പെക്ടർമാരുടെ കീഴിലാക്കിയതോടെ കാര്യക്ഷമമായ കേസന്വേഷണവും ക്രമസമാധാനപാലനവും നടത്തുന്നതിന് സാഹചര്യം ഉണ്ടായി. സ്റ്റേഷൻ ചുമതല കൂടുതൽ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ ഏൽപ്പിക്കാനായതോടെ പൊതുജനങ്ങൾക്ക് കൂടുതൽ മികച്ച സേവനങ്ങൾ നൽകാൻ കഴിയുന്നുണ്ട്. പോലീസ് ഇൻസ്പെക്ടറുടെ കേസന്വേഷണത്തിലെ പ്രവർത്തിപരിചയവും കോടതികളിൽ കേസുകൾക്കായി നേരിട്ട് ഹാജരായി വിചാരണ നേരിട്ടതിന്റെ പരിചയവും മൂലം നിയമം കൂടുതൽ ശക്തമായി നടപ്പാക്കുന്നതിനും കേസന്വേഷണം പഴുതുകളടച്ച് നടത്തുന്നതിനും സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ